**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1571** **31-08-2022 - ൽ മറുപടിയ്ക്ക്**

**കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക മേഖലയിലെ ഉൽപാദന ഉപാധികളുടെ വില ക്രമാതീതമായി ഉയരുകയും തദനുസൃതമായി കാർഷികോല്പന്നങ്ങളുടെ വില ഉയരാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ അവ തമ്മിലുള്ള അന്തരം ഇല്ലാതാക്കുവാൻ വകുപ്പ് കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; | (എ) | കൃഷി വകുപ്പ് സർക്കാർ ഫാമുകളും , മേഖലയിൽ പ്രവർത്തിക്കുന്ന പൊതു മേഖലാ സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ ഉല്പാദ ഉപാദികൾ കർഷകർക്ക് നൽകി വരുന്നു. തദ്ദേശ ഭരണ വകുപ്പുകളുടെ പദ്ധതി വിഹിതത്തിൽ നിന്നും തുക കണ്ടെത്തിയും പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നുണ്ട്. പച്ചക്കറി വിത്തുകൾ സൗജന്യമായും, തൈകളും മറ്റു നടീൽ വസ്തുക്കളും സബ്സിഡി നിരക്കിലും കർഷകർക്ക് വിതരണം ചെയ്തു വരുന്നു. ജൈവ വളം, കുമ്മായം, ജൈവ കീടനാശിനികൾ, ജീവാണുവളങ്ങൾ മുതലായ ഉല്പാദനോപാധികൾ വിവിധ പദ്ധതികൾ മുഖേനെ സബ്സിഡി നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു.<br><br>ഉല്പാദനോപാധികളുടെ വില ഉയരുന്നതുമൂലം കർഷകർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാനായി കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ താഴെ കൊടുത്തിരിക്കുന്നു.<br><br>.നെൽകൃഷി വികസനം<br><br>പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ കൃഷി വികസനം<br><br>.പച്ചക്കറി വികസനം<br><br>കിഴങ്ങുവർഗ്ഗങ്ങളുടേയും പയറുവർഗ്ഗങ്ങളുടേയും കൃഷി വികസനം<br><br>നാളികേര വികസനം<br><br>സുഗന്ധവ്യഞ്ജന വികസനം<br><br>പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനം |

| | | | |
|---|---|---|---|
| | | | ജൈവകൃഷിയും ഉത്തമ കാർഷിക മുറകളും<br><br>ഗുണമേൻമയുള്ള നടീൽവസ്തുക്കളുടെ ഉൽപാദനവും വിതരണവും<br><br>നാടൻ വിത്തിനങ്ങളുടെ ജൈവവൈവിധ്യ സംരക്ഷണവും പ്രോത്സാഹനവും<br><br>**കാർഷികോല്പന്നങ്ങൾക്കു മികച്ച വില ലഭിക്കുന്നതിനും, വിലത്തകർച്ച ഒഴിവാക്കുന്നതിനുമായി കൃഷിവകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.**<br><br>1. കാർഷിക ഉൽപന്നങ്ങളുടെ വിപണി വികസനം ശക്തിപ്പെടുത്തൽ പദ്ധതി<br><br>2. കാർഷിക ഉൽപന്നങ്ങളുടെ മൂല്യവർദ്ധനവിനുള്ള പദ്ധതി<br><br>3. കേരള ഫാം ഫ്രഷ് പഴം പച്ചക്കറി താങ്ങുവില പദ്ധതി |
| (ബി) | നടപ്പ് സാമ്പത്തിക വർഷം (2022-23) എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്; | (ബി) | നടപ്പ് സാമ്പത്തിക വർഷത്തിൽ കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിന് പുതിയ പദ്ധതികളായ കൃഷിയിടാസൂത്രണാധിഷ്ഠിത വികസന പദ്ധതികളും, വിള വിസ്തൃതി വർദ്ധനവും വികസനവും ഉദ്ദേശിച്ചുള്ള പദ്ധതികളും, കാർഷിക വിപണനവും വിളവെടുപ്പിന് ശേഷമുള്ള പരിപാലനവും ഉദ്ദേശിച്ചുള്ള പദ്ധതികളും, വരുമാനം ഉറപ്പാക്കലും നഷ്ട സാദ്ധ്യതാ ലഘൂകരണവും ഉദ്ദേശിച്ചുള്ള പദ്ധതികളും മറ്റ് പദ്ധതികളും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |
| (സി) | വരും വർഷങ്ങളിൽ (2023 മുതൽ) ഈ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (സി) | വിളയിട അധിഷ്ഠിത കൃഷിരീതി പ്രോത്സാഹിപ്പിച്ച് ഞങ്ങളും കൃഷിയിലേയ്ക്ക് പദ്ധതിയിലൂടെ ഉണ്ടായ കൃഷിക്കൂട്ടങ്ങളെ അടിസ്ഥാനമാക്കി ഉൽപ്പാദന വിപണന മൂല്യവർദ്ധന മേഖലയിൽ പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ഡി) | ഉല്പാദന ഉപാധികളുടെ വിലയും ഉല്പന്നങ്ങൾക്ക് കർഷകന് കിട്ടുന്ന വിലയും സംബന്ധിച്ച് നാളിതുവരെ എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | (ഡി) | സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് ഉല്പാദനോപാദികളുടെ വിലയും, ഉല്പാദന ചിലവും ഉല്പന്ന വിലയും വരുമാനവും സംബന്ധിച്ച് വിശദമായ വിവരങ്ങൾ കർഷകരിൽ നിന്നും ശേഖരിച്ച് പഠന വിധേയമാക്കി ഓരോ വർഷവും റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നുണ്ട്. 2019-20ൽ 13 വിളകളെക്കുറിച്ചുള്ള പഠന റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ